(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ന്യായവില മെഡിക്കൽ സ്റ്റോറിന്റെ കണക്കുകൾ പരിശോധിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുംവേണ്ടി ചാർട്ടേർഡ് അക്കൗണ്ടന്റിനെ നിയമിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആര്; എന്ന് മുതൽ; എത്ര രൂപയാണ് ഇദ്ദേഹത്തിന് പ്രതിഫലം നൽകുന്നത് എന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ചാർട്ടേർഡ് അക്കൗണ്ടന്റ് കേരളത്തിലെ മറ്റ് സ്വകാര്യ ഔഷധ വ്യാപാരികളുടെയും ചാർട്ടേർഡ് അക്കൗണ്ടന്റ് ആണോ എന്നകാര്യം അന്വേഷിക്കുമോ;

(ഡി) പേയിംഗ് കൗണ്ടറിൽ മരുന്ന് നൽകുന്ന കമ്പനികളെപ്പറ്റിയുള്ള വിവരങ്ങൾ പ്രസ്തുത അക്കൗണ്ടന്റിന്റെ സംഘത്തിലുള്ളവർ ഔഷധ വ്യാപാരി സംഘടനയ്ക്ക് ചോർത്തികൊടുത്തതായ പരാതിയെപ്പറ്റി അന്വേഷിക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ആശുപത്രി വികസന സൊസൈറ്റിയുടെ വാർഷിക പൊതുയോഗത്തിലെടുത്ത തീരുമാനപ്രകാരം 1994 മുതൽ മെസ്സേഴ്സ് ഗോപകുമാർ ആന്റ് കമ്പനിയെ ചാർട്ടേർഡ് അക്കൗണ്ടന്റായി നിയമിച്ചിട്ടുണ്ട്. ഏപ്രിൽ 1994 മുതൽ ഇതുവരെ 66,000 രൂപ നൽകിയിട്ടുണ്ട്.

(സി) ഈ ചാർട്ടേർഡ് അക്കൗണ്ടന്റ് ജോലികൾ തൃപ്തികരമായി ചെയ്യുന്നതിനാൽ മറ്റ് അന്വേഷണങ്ങൾ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

(ഡി) ഇത്തരം പരാതികളൊന്നും ലഭിച്ചതായി കാണുന്നില്ല. മരുന്നു നൽകുന്ന കമ്പനികളുടെ വിവരങ്ങൾ രഹസ്യരേഖ അല്ല.

157 (1517) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട്

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയുടെ സൂപ്രണ്ട് തസ്തികയ്ക്ക് കാലാവധിയുണ്ടോ;

(ബി) എങ്കിൽ കാലാവധി കഴിഞ്ഞിട്ടും ഇപ്പോഴത്തെ സൂപ്രണ്ടിന്റെ കാലാവധി നീട്ടിക്കൊണ്ടുപോകുന്നതിന് പ്രത്യേക സാഹചര്യം നിലവിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) കാലാവധി കഴിഞ്ഞ് വർഷങ്ങളായി ജോലിയിൽ തുടരുന്ന സൂപ്രണ്ടിനെ മാറ്റി പുതിയ സൂപ്രണ്ടിനെ നിയമിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി)&(സി) (എ) വിഭാഗത്തിനുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly